Grants for Anglo-Indian Schools.

*577 (*a*) (30) SHRI A. A. D. LUIZ: Will the Chief Minister be pleased to state whether any directive has been received from the Government of India that the grants for the Anglo-Indian Schools should not be reduced?

Chief Minister (SHRI PANAMPILLI GOVINDA MENON): No special directive has been received from the Government of India in regard to the reduction of the payment of grant to the Anglo-Indian Schools, in the State. Grants were reduced by 10 per cent. in 1955-56 as authorised by Article 337 of the Constitution of India.

പുനലൂർ പേപ്പർമിൽ.

*578. [32] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ കമ്പനിയുടെ മുടക്കുമുതൽ എത്രയാണ്;

(ബി) അതിൽ ഗവണ്മെൻറിൽനിന്നും എത്ര മാഹരികൾ എടുത്തിട്ടുണ്ട്;

(സി) എത്രമാത്രം പേപ്പർ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(ഡി) കഴിഞ്ഞ അഞ്ചുകൊല്ലത്തെ ആദായം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഗവണ്മെൻറിനു് ഈ വ്യവസായത്തിൻറെമേൽ എന്തു നിയന്ത്രണമാണുള്ളതു്;

(എഫ്) കമ്പനിക്കു കിട്ടുന്ന ആദായം ഈ രാജ്യത്തു നിക്ഷേപിക്കുകയാണോ അതോ വിദേശത്തേയ്ക്കു കടത്തിക്കൊണ്ടു പോകുകയാണോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ കമ്പനിയുടെ പിടിച്ചടച്ച മൂലധനം 1,50,54,000 രൂപയാണു്. മൊത്തം ആസ്തി 7,29,64,79 രൂപയാണു്.

(ബി) 25 രൂപവീതം വിലയുള്ള 1,25,55 മാഹരികൾ എടുത്തിട്ടുണ്ടു്.

(സി) 19.6 ടൺ പേപ്പർ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നു.

(ഡി) ഉണ്ടു്.

30-6-50-	ലാഭം	20,65,32	രൂപ ഡിവിഡൻറ	10 ശതമാനം
30-6-51-	,,	50,60,44	,,	10 ,,
30-6-52-ൽ	,,	30,03,59	,,	10 ,,
30-6-53-ൽ	,,	9,28,12	,,	5 ,,
30-6-54-ൽ	,,	855,59	,,	5 ,,

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1. പോപ്പർമിൽ കമ്പനിയുടെ ഡയറക്ടർബോർഡിൽ ഒരു ഗവണ്മെൻറ പ്രതിനിധിയുണ്ട്. 2. ഗവണ്മെൻറ കമ്പനിയുടെ കണക്കു കൾ പരിശോധിക്കുകയും ആഡിറ്റുചെയ്യുകയും ചെയ്യുന്നു.

(എഫ്) കമ്പനിക്കു കിട്ടുന്ന ആദായം മാഹരിക്കാക്കു് വീതിച്ചു കൊടുക്കുന്നു.

ശ്രീ. പി. ഗോപാലൻ : 1953–ൽ ലാഭം കുറവു വരാൻ കാരണമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ കാരണം ഇപ്പോൾ പറയാൻ സാധ്യമല്ല. അന്വേഷിച്ചു പറയാൻ ഒക്കുകയുള്ളൂ.

ശ്രീ. പി. ഗോപാലൻ : വിദേശകമ്പനികളുടെ വിഹിതം വിദേശങ്ങളിൽ കൊടുത്തുകൊണ്ടുപോകുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇൻഡ്യാ ഗവണ്മെൻറിന്റെ എക്സ്ചേഞ്ചു് റഗുലേഷൻ അനുസരിച്ചേ സാധിക്കയുള്ളൂ. അതു് എനിക്കറിഞ്ഞു കൂടാ.

ശ്രീ. പി. ഗോപാലൻ : ആ വിഹിതം ഇവിടെത്തന്നെ ഏതെങ്കിലും രീതിൽ വിനിയോഗിക്കുന്നതിനു് പ്രേരണ ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പ്രേരണ ചെലുത്തിയിട്ടുണ്ടെന്നു് പറയാൻ വയ്യ. ഇതു് നാഷണൽ പോളിസിയെ സംബന്ധിക്കുന്നതാണു്. നമ്മുടെ രാജ്യത്തു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പനികളുടെ ആദായം അവരുടെ സ്വദേശത്തേയ്ക്കു് കൊണ്ടുപോകാൻ പാടുണ്ടോ, അതുപോലെയുള്ള സംഖ്യ നമ്മുടെ രാജ്യത്തിനു് അവശ്യം ആവശ്യമായ ഇറക്കുമതി സാധനങ്ങൾ വാങ്ങാൻ വിനിയോഗിക്കണമോ, മുഴുവൻ വിഹിതവും ഇവിടെത്തന്നെ നിക്ഷേപിക്കണമോ എന്നെല്ലാമുള്ള കാര്യം ഇൻഡ്യാഗവണ്മെൻറിന്റെ പോളിസിസംബന്ധമായ കാര്യങ്ങളാണു്. അതിൽ ഈ ഗവണ്മെൻറിനു് ഒന്നും ചെയ്യാൻ കഴിയുകയില്ല.

ശ്രീ. പി. ഗോപാലൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായം കേന്ദ്രഗവണ്മെൻറിനെ അറിയിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറിന്റെ അഭിപ്രായം എന്നെ മുഴുവൻ ശരിയായി എന്നു വരികയില്ല. ഈ രാജ്യത്തു പ്രവർത്തിക്കുന്ന വ്യവസായങ്ങളും ഈ രാജ്യത്തിന്റെ ക്ഷേമത്തിനും സമൃദ്ധിക്കുംവേണ്ടി ഉപയോഗപ്പെടണമെന്നാണു് ആഗ്രഹിക്കുന്നതു്.

കമ്മ്യൂണിറ്റി പ്രോജക്ടുകൾ.

* 579. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സ്റ്റേറ്റിലുള്ള കമ്മ്യൂണിറ്റി പ്രോജക്ടുകൾ മുഖേന ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര ;

(ബി) കന്നത്തുനാടു്–ചാലക്കുടി കമ്മ്യൂണിറ്റിപ്രോജക്ടിന്റെ ഏരിയായിൽ മുകുന്ദപുരം താലൂക്കു് മുഴുവൻ ഉൾപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly